Lalith Babu

**ഓഫീസുകളിൽ നിന്നും അയക്കുന്ന കത്തുകളിൽ ഉദ്യോഗസ്ഥന്റെ പേര് ഓഫീസ് നിൽക്കുന്ന സ്ഥലത്തിന്റെ വിവരം E-mail, phone number, Pincode തുടങ്ങിയവ ഉണ്ടായിരിക്കേണ്ടതാണ്**

കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

നമ്പർ 18216/എ.ആർ.13(2)/2015/ഉഭപവ.

*തീയതി, തിരുവനന്തപുരം, 2015 ഒക്ടോബർ 9.*

## സർക്കുലർ

*വിഷയം:*— സർക്കാർ ഓഫീസുകളിൽ നിന്നും അയയ്ക്കുന്ന കത്തുകളിൽ ഓഫീസ് നിൽക്കുന്ന സ്ഥലപ്പേര് പിൻകോഡ്, ഫോൺ നമ്പർ, അയയ്ക്കുന്ന ഉദ്യോഗസ്ഥന്റെ പേര്, ഇ-മെയിൽ വിലാസം എന്നിവ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം—സംബന്ധിച്ച്.

*സൂചന:*— 2-3-2013-ലെ 19069/എ.ആർ. 13(2)/12/ഉഭപവ. നമ്പർ സർക്കുലർ.

സർക്കാർ ഓഫീസുകളിൽ നിന്നും പൊതുജനങ്ങളുടെ പരാതികൾക്കും അപേക്ഷകൾക്കും മറുപടി നൽകുമ്പോൾ പിൻകോഡ് ഉൾപ്പെടുത്തിയുള്ള മുഴുവൻ മേൽവിലാസവും കത്തിലും കവറിലും രേഖപ്പെടുത്തേണ്ടതാണെന്നും, മറുപടി കത്തുകളിൽ പരാതിക്കാരന്റെ കത്തിന്റെ തീയതി കൂടി പരാമർശത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്നും സൂചനയിലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. സർക്കാർ ഓഫീസുകളിൽ നിന്നും അയയ്ക്കുന്ന കത്തുകളിൽ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലപ്പേര്, പിൻകോഡ്, ഫോൺ നമ്പർ, അയയ്ക്കുന്ന ഉദ്യോഗസ്ഥന്റെ പേര്, ഇ-മെയിൽ വിലാസം എന്നിവ ഉൾപ്പെടുത്തുന്നതിന് സർക്കാരിന് നിർദ്ദേശം നൽകണമെന്ന് ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുൻപാകെ പൊതു താല്പര്യ ഹർജി ലഭ്യമായിരുന്നു. ഇത് സർക്കാരിൽ ആവശ്യമായ നടപടി റിപ്പോർട്ടിനായി കമ്മീഷൻ ലഭ്യമാക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഓഫീസുകളിൽ നിന്നും അയയ്ക്കുന്ന കത്തുകളിൽ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പേര്, പിൻകോഡ്, ഫോൺ നമ്പർ, അയയ്ക്കുന്ന ഉദ്യോഗസ്ഥന്റെ പേര്, ഇ-മെയിൽ വിലാസം എന്നിവ ഉൾപ്പെടുത്തണമെന്ന് എല്ലാ സർക്കാർ വകുപ്പുകളോടും നിർദ്ദേശിച്ചുകൊള്ളുന്നു.

**കെ. അജയകുമാർ,**
*സെക്രട്ടറി.*